# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/184/2018 2018 ആഗസ്റ്റ് 29

## പത്രക്കുറിപ്പ്

**സിൻഡിക്കേറ്റിന്റെ പ്രത്യേക യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പ്രത്യേക യോഗം (18.07), 2018 ആഗസ്റ്റ് മാസം 30-ാം തീയതി രാവിലെ 10.30-ന് കോട്ടയം, അതിരമ്പുഴ, പ്രിയദർശിനി ഹിൽസ് ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽവെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

**എം ജി ഡിഗ്രി ഏകജാലകം:രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിൽ പ്രവേശനത്തിനു അർഹത നേടിയവർ 01/09/2018-നു 4.30 പി എം-ന് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള(2018) രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം 01/09/2018-ന് 4.30 പി എം-ന് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. 01/09/2018-നകം ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**എം ജി പി ജി ഏകജാലകം: എസ് സി എസ് ടി വിഭാഗക്കാർക്കുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹത നേടിയവർ 31.08.2018-ന് 4.30 പി എം-ന് മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള(2018) എസ് സി എസ് ടി വിഭാഗക്കാർക്കുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈൻ പേമെന്റ് ഗേറ്റ്വെ വഴി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് 31.08.2018-ന് 4.30 പി എം-ന് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശപത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. 31.08.2018-നകം ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**എം ജി ബി പി എഡ്/ബി എൽ ഐ എസ് സി ഏകജാലകം: രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹത നേടിയവർ 31/08/2018-ന് 4.30പി എം-ന് മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ബി പി എഡ്/ബി എൽ ഐ എസ് സി പ്രവേശനത്തിനുള്ള (2018) രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധികരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈൻ പേമെന്റ് ഗേറ്റ്വെ വഴി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് 31.08.2018-ന് 4.30 പി എം-ന് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. 31.08.2018-നകം ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല പരിധിയിൽ വരുന്ന എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും 14/09/2018-ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ്, വോട്ടെണ്ണൽ എന്നിവ 11.09.2018 (ചൊവ്വാഴ്ച) നടത്തുന്നതാണ് എന്ന വിവരം അറിയിക്കുന്നു. മഴക്കെടുതികൾ മൂലം തെരഞ്ഞെടുപ്പ് നടപടികൾ നിറുത്തി വയ്ക്കുവാനിടയായ കോളേജുകളിൽ, ടി നടപടികൾ 11/09/2018-ന് തന്നെ വോട്ടെടുപ്പും വോട്ടെണ്ണലും നടത്തത്തക്ക രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ ബി എസ് സി റിക്രിയേഷൻ, ലെഷർ ആൻഡ് സ്പോർട്സ് സ്റ്റഡീസ് (2017 അഡ്മിഷൻ) ഡിഗ്രി ജൂൺ/ജൂലൈ 2018 പ്രാക്ടിക്കൽ പരീക്ഷ 06.09.2018, 07.09.2018 എന്നീ തീയതികളിൽ സെന്റ് തോമസ് കോളേജ്, പാലായിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ www.mgu.ac.in ലഭ്യമാണ്.

## സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2018-20 എം.എഡ് പ്രോഗ്രാമിലേയ്ക്ക് ജനറൽ വിഭാഗത്തിലും സംവരണവിഭാഗത്തിലും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് പ്രവേശനത്തിനായി CAT MGU പ്രോസ്പെക്ട്സ് പ്രകാരം യോഗ്യതയുള്ളവർ, അതായത് ബി എഡ് പ്രോഗ്രാമിന് 50% മാർക്കോടുകൂടി വിജയിച്ച കുട്ടികൾ 03/09/2018 രാവിലെ 11 മണിക്ക് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽപ്രമാണങ്ങളുമായി സ്കൂൾ ഓഫ് പഡഗോഗിക്കൽ സയൻസസിൽ ഹാജരാകേണ്ടതാണ്. പ്രോഗ്രാം ഫീസ് 5066/- രൂപയാണ്. സംവരണവിഭാഗത്തിൽപ്പെട്ടവർക്ക് പ്രോഗ്രാം ഫീസായി 800/- രൂപ അടച്ചാൽ മതിയാകും.

## പരീക്ഷകൾ മാറ്റി

29/08/2018, 30/08/2018, 31/08/2018 എന്നീ തീയതികളിൽ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ടൈംടേബിൾ

രണ്ടാം സെമസ്റ്റർ എംഎച്ച്എ, രണ്ടാം സെമസ്റ്റർ എംപിഎച്ച് സപ്ലിമെന്ററി, നാലാം വർഷ ബിപിറ്റി (2008 വർഷത്തിലെ അഡ്മിഷൻ) റഗുലർ/ സപ്ലിമെന്ററി, രണ്ടാം വർഷ ബി. ഫാം ഡിഗ്രി ( ന്യൂ സ്കിം 2016 അഡ്മിഷൻ റഗുലർ), ഒന്നാം വർഷ എംഎസ് സി മെഡിക്കൽ മൈക്രോബയോളജി ഡിഗ്രി ( ന്യൂ സ്കിം -2017 അഡ്മിഷൻ റഗുലർ/ സപ്ലിമെന്ററി), ഒന്നാം വർഷ എം എസ് സി മെഡിക്കൽ അനാട്ടമി ഡിഗ്രി (2017 അഡ്മിഷൻ റഗുലര ആൻഡ്, 2017 അഡ്മിഷൻ മുൻപ് സപ്ലിമെന്ററി പരിക്ഷകൾ 18/09/2018 തീയതി മുതൽ ആരംഭിക്കുന്നതാണ്. ഫിസ് തീയതി ഫൈൻ ഇല്ലാതെ 04.09.2018 വരെയും, 50 രൂപ ഫൈനോടുകൂടി 05.09.2018 വരെയും 500/- രൂപ സൂപ്പർ ഫൈനോടുകൂടി 06/09/2018 വരെയും നിജപ്പെടുത്തിയിരിക്കുന്നു.

**ഒപ്പ്/-**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**